തൊഴിലില്ലായ്മ വേതനം

* 154 (563) ശ്രീ. പി. പി. കൃഷ്ണൻ
,, എം. കെ. കൃഷ്ണൻ
,, ഈ. കെ. ഇമ്പിച്ചിബാവ
,, ടി. കെ. രാമകൃഷ്ണൻ
,, കെ. ഐ. രാജൻ
,, വി. വി. കുഞ്ഞാമ്പു
,, എൻ. വാസുദേവൻ പിള്ള
,, എം. കെ. എ. ഹമീദ്
,, എ. പി. കുര്യൻ
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, ഈ. എം. ജോർജ്ജ്
,, ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിൽരഹിതർക്ക് തൊഴിലില്ലായ്മവേതനം നൽകുന്നതിലേക്ക് വല്ല പദ്ധതിയും ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയുംവേഗം അത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ)

(എ) (ബി) തൊഴിലില്ലായ്മവേതനം നൽകുന്നതിനുള്ള പദ്ധതി ഇപ്പോഴും ഗവൺമെൻറിൻെറ പരിഗണനയിലില്ല. എന്നാൽ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് ഉതകത്തക്ക ചില പദ്ധതികളും ആലോചനയിലിരിക്കുന്നു.

ശ്രീ. പി. പി കൃഷ്ണൻ: പഴയ ഐക്യമുന്നണി ഗവൺമെൻറിലെ തൊഴിൽകാര്യമന്ത്രി തൊഴിലില്ലായ്മ വേതനം നൽകുന്നതിനെ സംബന്ധിച്ച് ഗവൺമെൻറിന് ഒരു പദ്ധതിയുണ്ടെന്നു പറഞ്ഞ് പ്രസ്താവന ചെയ്തിട്ടുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെയൊരു പദ്ധതിയെ സംബന്ധിച്ച് പത്രത്തിൽ വായിച്ചതല്ലാതെ ഗവൺമെൻറിൻെറ രേഖകളിൽ ഒന്നും കാണുന്നില്ല. രേഖകളും ഉണ്ടോ എന്നു പരിശോധിക്കാൻ ഞാൻ പരിശ്രമം നടത്തിനോക്കി. ഒരു രേഖയും ഉള്ളതായി എനിക്കു കാണാൻ കഴിഞ്ഞതിട്ടില്ല.

ശ്രീ. പി. പി. കൃഷ്ണൻ: കേരളത്തിലെ തൊഴിലില്ലാത്തവർക്ക് ആളൊന്നിന് 50 പൈസ കൊടുത്തുകൊണ്ട് അവരുടെ ദുരിതത്തിന് അൽപ്പമെങ്കിലും മോചനം നൽകാൻ ഈ ഗവൺമെൻറ് ആലോചിക്കാൻ തയ്യാറുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: 50 പൈസ കൊടുക്കുന്നതുകൊണ്ട് മോചനം ലഭിക്കുമെന്നു ഗവൺമെൻറ് കരുതുന്നില്ല. തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ നൽകാനുള്ള പദ്ധതികളും ആവിഷ്ക്കരിക്കുവാൻവേണ്ടി ഗവൺമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ചില പദ്ധതികളെസംബന്ധിച്ച് ആലോചിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: മുൻ ഗവൺമെൻറു തയ്യാറാക്കിയ തൊഴിലില്ലായ്മ പദ്ധതിയെസംബന്ധിച്ച് യാതൊരു രേഖയും കണ്ടുകിട്ടിയിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. തൊഴിലില്ലാത്ത ആളുകൾക്ക് എന്തെങ്കിലും പ്രോത്സാഹനം കൊടുക്കാൻവേണ്ടി ഒരു പുതിയ പദ്ധതി ഉണ്ടാക്കാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതാണു ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിൻെറ നാനാവശങ്ങളെ സംബന്ധിച്ചും ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ചില പദ്ധതികൾക്ക് രൂപം നൽകി വരികയാണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: തൊഴിലില്ലാത്തവർക്ക് സഹായം നൽകുന്നതിനാവശ്യമായ ഒരു പദ്ധതിയെസംബന്ധിച്ചിടത്തോളം ഒരു റിപ്പോർട്ട് വ്യവസായ ഡിപ്പാർട്ടുമെൻറിൻെറ മുൻപാകെ ഇല്ലെന്നാണോ അതല്ല കേരളാ ഗവൺമെൻറിൻെറ മുൻപാകെ ഇല്ലെന്നാണോ?

ശ്രീ. പി. രവീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ഇമ്പിച്ചിബാവ പറഞ്ഞ ആ പദ്ധതിയെസംബന്ധിച്ച് ഞാൻ അന്വേഷണം നടത്തി. വ്യവസായ ഡിപ്പാർട്ടുമെൻറിലും ലേബർ ഡിപ്പാർട്ടുമെൻറിലും യാതൊരു ഫയലും എനിക്കു കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പ്ലാനിംഗ് ഡിപ്പാർട്ടുമെൻറ് ഇതുസംബന്ധമായി തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്രഗവൺമെൻറിൽ അയച്ചുകൊടുത്തിട്ടുള്ളതിൻെറ കോപ്പി ഈ ഗവൺമെൻറിൻെറ പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിൻെറ ഫയലിൽ ഉണ്ടാകാതെ പോകുന്നു എന്നാണോ പറയുന്നത്?

ശ്രീ. പി. രവീന്ദ്രൻ: എന്നല്ല ഞാൻ പറഞ്ഞിട്ടുള്ളത്. എൻെറ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇങ്ങനെ എന്തെങ്കിലും ഉണ്ടോ എന്ന് പരിശോധിക്കുകയും അക്കാര്യത്തെസംബന്ധിച്ചിടത്തോളം ആവശ്യമായ നടപടിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുമോ എന്നാണറിയേണ്ടത്?

ശ്രീ. പി. രവീന്ദ്രൻ: അതു കണ്ടെത്താൻ ശ്രമിക്കുന്നതോടൊപ്പം മറ്റു പല പദ്ധതികളെസംബന്ധിച്ചും ഗവൺമെൻറു കാര്യമായി ആലോചിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്ലാനിംഗ് അഡ്വൈസറി ബോർഡിൻെറ സാമ്പത്തിക വിഭാഗം തയ്യാറാക്കിയതും എല്ലാ പത്രങ്ങളിലും വന്നിട്ടുള്ളതുമായ റിപ്പോർട്ട് വളരെയധികം തൊഴിലില്ലായ്മയ്ക്ക് പരിഹാരനിർദ്ദേശങ്ങൾ അടങ്ങുന്നതാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള ഗവൺമെൻറിൻെറ റിപ്പോർട്ടെല്ലാമുണ്ട്, വിദഗ്ധമായ പരിശോധനയ്ക്കുശേഷം തയ്യാറാക്കിയ ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഗവൺമെൻറ് കാര്യമായെടുക്കുമോ; രാഷ്ട്രീയാഭിപ്രായങ്ങൾ മാറ്റിവച്ചുകൊണ്ട് അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: രാഷ്ട്രീയ പരിഗണനകളൊന്നും കൂടാതെതന്നെ എത്തെല്ലാം റിപ്പോർട്ടുകൾ ഗവൺമെൻറിൻെറ കൈവശമുണ്ടോ അതെല്ലാം പരിശോധിക്കാൻ ഗവൺമെൻറു തയ്യാറാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എതെല്ലാം റിപ്പോർട്ടുകൾ എന്നല്ല ഞാൻ ചോദിച്ചത്. ഇവിടത്തെ പ്ലാനിംഗ് അഡൈവസറിബോർഡിന്റെ സാമ്പത്തിക വിഭാഗം—കുറെ വിവരമുള്ള ആൾക്കാർ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്—തയ്യാറാക്കിയതും അവസാനമായി ഗവൺമെന്റിന്റെ മുൻപാകെയുള്ളതുമായ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ചു അതിലെ പ്രായോഗികമായ കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി എടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പ്രായോഗികമായി നിർദ്ദേശങ്ങൾ ഏതു ഭാഗത്തുനിന്നു വന്നാലും അതു പരിഗണിക്കുവാൻ ഗവൺമെന്റു തയ്യാറാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ ചോദ്യത്തിന് മറുപടിയായില്ല ഈ റിപ്പോർട്ടിനെ ആസ്പദമാക്കിയാണ് എന്റെ ചോദ്യം. ഏതു കാര്യം എന്നു പറഞ്ഞാൽ അതിനു മറുപടിയാകുകയില്ല. ഇതിനെസംബന്ധിച്ച് ഗവൺമെൻറിന്റെ അഭിപ്രായമെന്താണ്?

ശ്രീ. പി. രവീന്ദ്രൻ: അതും പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. ഐ. രാജൻ: ഈ റിപ്പോർട്ട് പരിഗണിക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ട് എന്താണ്?

ശ്രീ. പി. രവീന്ദ്രൻ: പ്രായോഗികമായ യാതൊരു ബുദ്ധിമുട്ടുമില്ല. ഇതിനെസംബന്ധിച്ച് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി പ്രഖ്യാപിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിച്ചതുകൊണ്ടാണ് ഭാഗികമായി ഇങ്ങനെയുള്ളത് പ്രഖ്യാപിക്കാതിരിക്കുന്നത്.

ശ്രീ. വി. വി. കുഞ്ഞമ്പു: ഏതു കാലത്തിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നുള്ളത് പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: കാലാവധി ക്ലിപ്തമായി പറയാൻ കഴിയുകയില്ലെങ്കിലും സാമ്പത്തികവിദഗ്ധൻമാരുമായി ഇതിനെ സംബന്ധിച്ച് ആലോചിച്ചുവരികയാണ്.

ശ്രീ. എം. കെ. എ. ഹമീദ്: മുൻഗവൺമെൻറിന്റെ കാലത്ത് ഈ തൊഴിലില്ലായ്മവേതനം നൽകുന്നതിനെക്കുറിച്ച് ഒരു വിശദമായ പദ്ധതി തയ്യാറാക്കി ഗവൺമെൻറിനു സമർപ്പിക്കാൻ അന്നത്തെ പ്ലാനിംഗ് ബോർഡിനോട് ഗവൺമെൻറ് ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ ഒക്ടോബറിലാണ് അതു നടന്നത്. അതു കഴിഞ്ഞിട്ട് ഇപ്പോൾ അഞ്ചാറുമാസമായി. ഈ പദ്ധതിയെസംബന്ധിച്ച വിശദമായ ഒരു രൂപം ഇപ്പോഴത്തെ പ്ലാനിംഗ് അഡൈവസറി കൗൺസിലിൽനിന്നും ഒരു മാസത്തിനകം ആവശ്യപ്പെടുമോ?

ശ്രീ. പി. രവീന്ദ്രൻ: അതു ചെയ്യാവുന്നതാണ്.

ശ്രീ. എ. പി. കുര്യൻ: മുൻഗവൺമെൻറിന്റെ തൊഴിൽവകുപ്പുമന്ത്രി തയ്യാറാക്കിയ ഈ തൊഴിലില്ലായ്മ വേതന പദ്ധതിയോട് ഈ ഗവൺമെൻറ് തത്വത്തിലെങ്കിലും യോജിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: തത്വത്തോടു യോജിക്കാതിരിക്കേണ്ട കാര്യമില്ല. തൊഴിലില്ലായ്മ പരിഹരിക്കാൻ നിർവ്വധി നിർദ്ദേശങ്ങളുണ്ട്. അതിലൊന്നായി ഇതും പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ: ഈ തത്വത്തോട് യോജിപ്പുണ്ടെങ്കിൽ അതു പ്രായോഗികമാക്കാനുള്ള അടിയന്തിരനടപടികളിലേയ്ക്ക് ഈ ഗവൺമെൻറ് നീങ്ങുമോ, പരിശോധിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അതാണ് ഞാൻ നേരത്തെ പറഞ്ഞത്. സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കണമെന്നുള്ളതാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

ശ്രീ. എ. പി. കുര്യൻ: ഈ സമഗ്രമായ പദ്ധതിയുടെ രൂപം ഒന്ന് സാമാന്യമായി ഈ സഭയെ അറിയിക്കുമോ?

മി. സ്പീക്കർ: ഈ റിപ്പോർട്ടേ കണ്ടിട്ടില്ലാ അന്വേഷിച്ചുകൊണ്ട് നടക്കുകയാണെന്നു പറഞ്ഞല്ലോ. പിന്നെ എങ്ങനെയാണ് ആ റിപ്പോർട്ടിന്റെ വിശദാംശങ്ങളെപ്പറ്റി പറയുന്നത്?

ശ്രീ. എ. പി. കുര്യൻ: തത്വത്തോട് യോജിപ്പുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിനുശേഷം സമഗ്രമായ ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുകയാണെന്നു പറയുകയുണ്ടായി. എന്താണ് സമഗ്രമായ പദ്ധതിയെന്നു പറയാമോ എന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. പി. രവീന്ദ്രൻ: പ്രത്യേകമായി ഒരു പദ്ധതിയും ഇപ്പോഴും തയ്യാറാക്കിയിട്ടില്ല. നമ്മുടെ രാജ്യത്തുള്ള ഐ.ടി.ഐ. കൾ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെൻറുകളാക്കി മാറ്റുകയെന്ന നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഇതിനെക്കുറിച്ചെല്ലാം പരിശോധിച്ച് സമഗ്രമായ ഒരു പദ്ധതി നടപ്പാക്കുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. എം. മീതിയൻ: മുൻ ഗവൺമെൻറിന്റെകാലത്ത് തയ്യാറാക്കിയ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി കണ്ടില്ലെന്നു പറയുകയുണ്ടായി. അതിനെപ്പറ്റി അന്വേഷിച്ചതിനുശേഷമാണോ കണ്ടില്ലെന്നു പറയുന്നത്. അതോ അങ്ങനെ ഒരു പദ്ധതിയെ ഇല്ലെന്ന ദുഷ്പ്രചരണത്തിനുവേണ്ടി പറയുകയാണോ?

ശ്രീ. പി. രവീന്ദ്രൻ: മുൻ തൊഴിൽകാര്യമന്ത്രി തയ്യാറാക്കിയ റിപ്പോർട്ട് ഞാൻ കണ്ടിട്ടില്ല. പത്രത്തിൽകൂടി കണ്ടതല്ലാതെ അതിനെസംബന്ധിച്ച രേഖകളൊന്നും എന്റെ കൈയിൽ കിട്ടിയിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: തൊഴിലില്ലായ്മവേതനത്തിനു വേണ്ടിയെന്നു പറയുന്ന ഈ പദ്ധതി അന്ന് പ്ലാനിംഗ് ബോർഡുമായി ആലോചിച്ച് പ്ലാനിംഗ്ബോർഡിന്റെ നിർദ്ദേശം അനുസരിച്ചാണ് തയ്യാറാക്കിയതെന്ന് അതു പ്രസിദ്ധപ്പെടുത്തിയതായ മുൻമന്ത്രി മത്തായിമാഞ്ഞൂരാനും മുൻമന്ത്രി ഇമ്പിച്ചിബാവയും പത്രപ്രതിനിധികളോട് അന്നു പയുകയുണ്ടായി. എന്നാൽ പ്ലാനിംഗ്ബോർഡ് മെമ്പറായ ശ്രീ. ഹമീദ് പ്ലാനിംഗ്ബോർഡുമായി അങ്ങനെ ഒരു പദ്ധതിയെപ്പറ്റി ആലോചിച്ചിട്ടില്ലെന്നും പ്ലാനിംഗ് ബോർഡിന് അതിനെപ്പറ്റി യാതൊരു വിവരവുമില്ലെന്നും പറഞ്ഞിട്ടു ള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഈ പദ്ധതി എന്താണെന്നുള്ളതിനെപ്പറ്റി പരിശോധിച്ചിട്ട് അതിനെസംബന്ധിച്ചു ഒരു അവസാനതീരുമാനമെടുക്കാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ഒരു തർക്കമുണ്ടായിരുന്നതായി പത്രത്തിൽ കണ്ടിട്ടുണ്ട്. ഇതിന്റെ എല്ലാവശങ്ങളെപ്പറ്റിയും ഗവൺമെൻറു പരിശോധിച്ചു നോക്കിയതിനുശേഷം ഒരു തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: തൊഴിലില്ലായ്മ വേതനപദ്ധതി ഒരുസ്ഥലത്തും കണ്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന്റെ ആസൂത്രകരിൽ ഒരാളായ ശ്രീമാൻ ഇമ്പിച്ചിബാവ ഇവിടെത്തന്നെ ഉള്ള സ്ഥിതിക്ക് അത് ഒന്നു നേരിട്ടുവാങ്ങിച്ചു പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിന്റെ കോപ്പി ഇന്നു വൈകുന്നേരം തന്നെ കൊടുക്കാം. നടപ്പിലാക്കിയാൽ മതി.

ശ്രീ. പി. രവീന്ദ്രൻ: കിട്ടിയാൽ പരിശോധിച്ചുനോക്കാം.

ശ്രീ. എം. കെ. എ. ഹമീദ്: ശ്രീമാൻ ഉണ്ണി പറഞ്ഞതിൽ കുറച്ചു ശരിയല്ലാത്ത കാര്യങ്ങളുണ്ട്. ശ്രീമാൻ ഇമ്പിച്ചിബാവയും ശ്രീമാൻ മത്തായിമാഞ്ഞൂരാനും മന്ത്രിമാർ എന്നുള്ളനിലയിൽ പത്രപ്രസ്താവന ചെയ്തതിനു ശേഷം വിശദാംശങ്ങൾ തയ്യാറാക്കാൻ പ്ലാനിംഗ് ബോർഡിനു അയക്കുകയാണുണ്ടായത്

ശ്രീ. ആർ. എസ്. ഉണ്ണി: പദ്ധതി പ്രസിദ്ധപ്പെടുത്തുമ്പോഴും പ്ലാനിംഗ് ബോർഡുമായി ആലോചിച്ചില്ലെന്നു ശ്രീമാൻ ഹമീദുതന്നെയാണല്ലോ പറഞ്ഞത്?

ശ്രീ. എം. കെ. എ. ഹമീദ്: ഞാൻ പറഞ്ഞത് അതു പ്രസിദ്ധീകരിച്ചതിനുശേഷം പരിശോധനയ്ക്കായി പ്ലാനിംഗ് ബോർഡിനു അയച്ചുവെന്നാണ്.

ഇരുമ്പയിര്

* 155. (564) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള ഇരുമ്പയിര് ചൂഷണംചെയ്യേണ്ട കാര്യത്തെപ്പറ്റി വ്യക്തമായ തീരുമാനം എടുത്തുകഴിഞ്ഞോ;

(ബി) എങ്കിൽ എപ്പോഴാണ് തീരുമാനമെടുത്തത്;

(സി) തീരുമാനത്തിന്റെ സ്വഭാവമെന്ത്?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഇൻഡ്യാഗവൺമെന്റിന്റെ ജിയോളജിക്കൽ സർവ്വെ റിപ്പോർട്ട് പ്രതീക്ഷിക്കുകയാണ്.

(ബി, സി) ചോദ്യമുദിക്കുന്നില്ല.

ശ്രീ. സി. എം. കുട്ടി: കോഴിക്കോട് ജില്ലയിൽ എത്ര ഇരുമ്പയിരുണ്ടെന്നു കണ്ടുപിടിക്കുകയും അതു ചൂഷണംചെയ്യുകയും ചെയ്യുവാൻ എന്താണ് കാലതാമസമെന്നു വ്യക്തമാക്കുമോ.

ശ്രീ. പി. രവീന്ദ്രൻ: ഇൻഡ്യാഗവൺമെന്റിന്റെ ജിയോളജിക്കൽ വിഭാഗം സർവ്വെനടത്തിക്കൊണ്ടിരിക്കുകയാണ്. കേരളാസ്റ്റേറ്റ് ഇൻഡസ്ട്രിയൽ വിഭാഗവും അവരെ സഹായിക്കുന്നുണ്ട്. അവർ കോഴിക്കോട്ടു എന്തുമാത്രം ഇരുമ്പയിര് ഡിപ്പോസിറ്റുണ്ടെന്നു കണ്ടുപിടിക്കാനുള്ള ശ്രമം നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly